കേരള സർവകലാശാല

നം. പി.ആർ.239/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പ്രൈവറ്റ് സെക്രട്ടറി നിയമനം : മാധ്യമ വാർത്തകൾ വാസ്തവ വിരുദ്ധം

കേരള സർവകലാശാല വൈസ്ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറിയെ നിയമിച്ചത് സംബന്ധിച്ച് പത്രമാധ്യമങ്ങളിൽ പ്രചരിക്കുന്ന വാർത്തകൾ വാസ്തവ വിരുദ്ധവും തെറ്റിധാരണാജനകവുമാണ്.

പ്രൈവറ്റ് സെക്രട്ടറി നിയമനത്തെ സംബന്ധിച്ചും സർവ്വീസിൽ നിന്നും വിരമിച്ചവരെ കരാറടിസ്ഥാനത്തിൽ നിയമിക്കുമ്പോൾ നൽകേണ്ട പ്രതിമാസ വേതനത്തെക്കുറിച്ചും സർവകലാശാല സിൻഡിക്കേറ്റ് വ്യക്തമായ വ്യവസ്ഥകൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ കൃത്യമായി പാലിച്ച് നിയമനം നേടിയ നൂറോളം പേർ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിൽ വിരമിച്ചതിനുശേഷം സർവകലാശാലയിൽ വിവിധ കേന്ദ്രങ്ങളിലും ഓഫീസിലും ജോലി ചെയ്തു വരുന്നുണ്ട്. സർവീസിൽ നിന്ന് വിരമിച്ച സമർത്ഥരായ അദ്ധ്യാപകരുടെയും ജീവനക്കാരുടെയും സേവനം തുടർന്നും സർവകലാശാലയ്ക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് ഈ വിധം നിയമനം നടത്തിയിട്ടുള്ളത്.

നാമമാത്രമായ വേതനം സ്വീകരിച്ചാണ് സേവന തല്പരരായ ഇവർ തങ്ങളിൽ ഏൽപ്പിക്കപ്പെട്ട ചുമതലകൾ നിർവഹിക്കുന്നത്. ഇതേ വ്യവസ്ഥകൾ കർശനമായി പാലിച്ചാണ് റിട്ടയർ ചെയ്ത ജോയിന്റ് രജിസ്ട്രാറെ പ്രൈവറ്റ് സെക്രട്ടറിയായി തുടരാൻ ആറ് മാസക്കാലത്തേക്ക് അനുവദിച്ചിട്ടുള്ളത്. ഈ നിയമനത്തിന് യാതൊരു തരത്തിലുമുള്ള നിയമലംഘനവും ഉണ്ടായിട്ടില്ല. മറിച്ചുള്ള വാർത്തകൾ അടിസ്ഥാനരഹിതമാണ്. മറ്റ് നിയമനങ്ങളിൽ ആശങ്കപ്പെടാത്തവർ ഈ നിയമനത്തിൽ മാത്രം ആശങ്ക പ്രകടിപ്പിക്കുന്നത് തികച്ചും ദുരുദ്ദേശപരമാണ്. യൂണിവേഴ്സിറ്റിയുടെ പ്രതിഛായയ്ക്ക് കളങ്കമുണ്ടാക്കുവാൻ ചില നിക്ഷിപ്ത താല്പര്യക്കാർ നടത്തുന്ന വ്യാജപ്രചരണത്തിന്റെ ഭാഗമാണ്.

പ്രൈവറ്റ് സെക്രട്ടറിയായി തുടരാൻ അനുവദിക്കപ്പെട്ട വ്യക്തിക്ക് ജോയിന്റ് രജിസ്ട്രാറായി നിയമനം നൽകിയതിലും യാതൊരു വിധ ചട്ടലംഘനവും ഉണ്ടായിട്ടില്ല.

## പി.ജി പ്രവേശനം 2017-18 : മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു - നവംബർ 4,6,7 തീയതികളിൽ കോളേജ് പ്രവേശനം

കേരള സർവകലാശാല 2017-2018 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അഡ്മിഷൻ ഫീസ് അടയ്ക്കുന്നതിനുള്ള ചലാൻ പ്രിന്റൗട്ട് എടുത്ത് എസ്.ബി.ഐയുടെ ഏതെങ്കിലും ശാഖയിൽ ഫീസ് അടയ്ക്കണം. അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 900 രൂപയും എസ്.സി/എസ്.ടി/ഒ.ഇ.സി വിഭാഗത്തിന് 340 രൂപയും ആണ്. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ്

അടയ്ക്കേണ്ടതില്ല. അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ ഫീസടച്ചതിന്റെ വിവരം വെബ്സൈറ്റിൽ നൽകിയ ശേഷം അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2017 നവംബർ 4,6,7 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ പറഞ്ഞിരിക്കുന്ന സമയത്ത് അതത് കോളേജുകളിൽ അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതും അവരെ യാതൊരു കാരണവശാലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതുമല്ല. മുൻപുള്ള അലോട്ട്മെന്റുകളിൽ കോളേജുകളിൽ അഡ്മിഷൻ നേടിയവർക്ക് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രകാരം തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ തങ്ങൾക്ക് ലഭിച്ച സീറ്റിൽ തൃപ്തരല്ലെങ്കിലും തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടേണ്ടതിനായി അലോട്ട്മെന്റ് മെമ്മോയിൽപറഞ്ഞിരിക്കുന്ന സമയത്ത് അലോട്ട്മെന്റ് ലഭിച്ച കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്. അഡ്മിഷൻ എടുത്തവർ ആ സീറ്റിൽ സംതൃപ്തരാണെങ്കിൽ നവംബർ 9 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പ് അവരുടെ ഹയർ ഓപ്ഷനുകൾ നീക്കം ചെയ്യേണ്ടതാണ്. നിലനിർത്തപ്പെടുന്ന ഹയർ ഓപ്ഷനുകൾ തുടർന്നു വരുന്ന അലോട്ട്മെന്റുകളിൽ പരിഗണിക്കുന്നതും പുതിയ അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം ആ സീറ്റ് നിർബന്ധമായും സ്വീകരിക്കേണ്ടതുമാണ്.

*( എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## എം.സി.എ ടൈംടേബിൾ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ എം.സി.എ (2011 സ്കീം–സ്പെഷ്യൽ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എഡ് പരീക്ഷ

കേരള സർവകലാശാലയുടെ ഡിസംബർ അഞ്ചിന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ എം.എഡ് (ദ്വിവത്സരം– 2015 സ്കീം– റഗുലർ & സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയ്ക്ക് പിഴകൂടാതെ നവംബർ 10 (50 രൂപ പിഴയോടെ നവംബർ 14, 125 രൂപ പിഴയോടെ നവംബർ 16) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ/ബി.എസ്.സി/ബി.കോം പരീക്ഷകൾ

കേരള സർവകലാശാലയുടെ സി.ബി.സി.എസ്. ബി.എ/ബി.എസ്.സി/ബി.കോം മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് (റഗുലർ 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ് – 2015 അഡ്മിഷൻ, സപ്ലിമെന്ററി 2013 & 2014 അഡ്മിഷൻ) പിഴയില്ലാതെ നവം

ബർ ഏഴാം തീയതി വരെയും (50 രൂപ പിഴയോടെ നവംബർ 10, 125 രൂപ പിഴയോടെ നവംബർ 15) വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ www.exams.keralauniversity.ac.in ലഭിക്കും.

## സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം

കേരള സർവകലാശാല 2016 ഒക്ടോബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ/ബി.കോം/ബി.ബി.എ. എൽ.എൽ.ബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി നവംബർ നാല് മുതൽ 10 വരെയുള്ള പ്രവർത്തിദിവസങ്ങളിൽ പുന:പരിശോധനാ വിഭാഗത്തിൽ (EJ I സെക്ഷൻ) ഹാജരാകേണ്ടതാണ്.

## എം.കോം വൈവ വോസി പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തിയ എം.കോം സപ്ലിമെന്ററി (ജൂലൈ - ആഗസ്റ്റ് 2017) വൈവ വോസി പരീക്ഷയിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കായി നവംബർ എട്ടിന് രാവിലെ 11 മണിക്ക് പാളയത്തുള്ള സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷനിൽ വച്ച് വൈവ വോസി പരീക്ഷ നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എൽ.എൽ.ബി ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ (പഞ്ചവത്സരം) (2011 –2012 അഡ്മിഷന് മുൻപ്) (കോമ്മൺ ഫോർ മെഴ്സിചാൻസ്) എൽ.എൽ.ബി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാനതീയതി ഡിസംബർ ഒന്ന്.

## എം.എ മലയാളം വൈവ വോസി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ മലയാളം ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ വൈവ വോസി പരീക്ഷകൾ നവംബർ 13 മുതൽ വിവിധ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.ബി.എ (2014 സ്കീം) ഫുൾടൈം, യു.ഐ.എം, റഗുലർ (ഈവനിംഗ്) ട്രാവൽ ആന്റ് ടൂറിസം പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ ഹിന്ദി വൈവ വോസി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഹിന്ദി ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ വൈവ വോസി പരീക്ഷകൾ നവംബർ ഒൻപത് മുതൽ അതത് കോളേജുകളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**തിരുവനന്തപുരം.**
**03.11.2017**

**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**